പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4020

18/10/2011-ൽ മറുപടി നല്കേണ്ടത്

## പാണപാറയിലെ കർഷകർക്ക് പട്ടയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ പാണുപാറയിലെ റവന്യൂഭൂമിയിൽ മൂന്നു തലമുറകളായി കൃഷിചെയ്തുവരുന്ന കർഷകർക്ക് പട്ടയം നൽകുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമാണ്; | (എ) അയ്യമ്പുഴ വില്ലേജ് ഹിൽ ട്രാക്ക് അല്ല എന്നുള്ളത് ഒരേക്കറും അതിലധികവും കൈവശം വച്ചുവരുന്ന കർഷകർക്ക് ഭൂമി പതിച്ചു നല്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകമാണ്. ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് ആവശ്യമാണ്. |
| (ബി) ഇതു സംബന്ധിച്ച് റവന്യൂവകുപ്പിലെ 59097/എ3/2006/ആർ.ഡി, 44956/എ3/09/ആർ.ഡി. തുടങ്ങിയ ഇതുമായി ബന്ധപ്പെട്ട ഫയലുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ? | (ബി) അയ്യമ്പുഴ വില്ലേജിലെ പാണപാറ പ്രദേശത്തെ നിവാസികൾക്ക് പട്ടയം നല്കുന്നത് സംബന്ധിച്ച നടപടികൾ 59097/എ3/06/റവന്യൂ എന്ന ഫയലിലും മലയാറ്റൂർ, കോടനാട് ഫോറസ്റ്റ് ഡിവിഷനിലെ അയ്യമ്പുഴ ഹരിജൻ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ 44956/എ3/09/റവന്യൂ എന്ന ഫയലിലുമാണ് കൈകാര്യം ചെയ്യുന്നത്. ഹിൽട്രാക്ക് പ്രദേശങ്ങളിൽ പതിച്ച് നല്കാവുന്ന ഭൂമിയുടെ അളവ് 1 ഏക്കറും മറ്റു പ്രദേശങ്ങളിൽ ഇതിന് താഴെയുമായതിനാൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഭൂമിപതിവിൽ പാലിക്കാനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 44956/എ3/09/റവന്യൂ നമ്പർ ഫയലിൽ 15 സെന്റ് ഭൂമി കൈവശമുള്ളവർക്ക് മാത്രമായി ഭൂമി പതിച്ച് നല്കുന്നതിനായി ആനുകൂല്യം ലഭിക്കേണ്ടവരുടെ പട്ടിക തയാറാക്കാനായി എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകരുടെ പേര് വിവരങ്ങൾ കൈവശഭൂമിയുടെ വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുകയും ചെയ്യുന്നു :-<br>1. പേങ്ങൻ മകൻ കാളകുറുമ്പൻ, കാരോത്തുകുടി; റീസർവ്വെ ബ്ലോക്ക് 21, സർവ്വെ 196/8, 6.07 ആർ; ഹിന്ദുപുലയൻ<br>2. ശശി മാരോത്തുകുടി; റീസർവ്വെ ബ്ലോക്ക് 21, സർവ്വെ 194/8, 03.47ആർ; ഹിന്ദുപുലയൻ |

സെക്ഷൻ ഓഫീസർ